**'ഭരണഭാഷ-മാതൃഭാഷ'**

File No: TCPTVM/84/2020-C

**തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്**
**ജില്ലാനഗരാസൂത്രകൻറെ കാര്യാലയം**
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്
ശാന്തിനഗർ, തിരുവനന്തപുരം 695001
ഫോൺ 0471 2339945
ഇ മെയിൽ tcpdtvm@gmail.com
തീയതി **:08/02/2021**

നഗരാസൂത്രക
തിരുവനന്തപുരം

മുഖ്യ നഗരാസൂത്രകൻ
തിരുവനന്തപുരം

സർ

വിഷയം :- കെട്ടിട നിർമ്മാണം-കൺകറൻസ്-സംബന്ധിച്ച് .

സൂചന :-
1. അങ്ങയുടെ 01.01.2021 തീയതിയിലെ TCPCTP/895/2020-D3 നമ്പർ കത്ത്.
2. തിരുവനന്തപുരം നഗരസഭസെക്രട്ടറിയുടെ 24.12.2019 തീയതിയിലെ UE2/3461/19 നമ്പർ കത്ത്.
3. ഈ കാര്യാലയത്തിൽ നിന്നുള്ള 12.03.2020 തീയതിയിലെ ഇതേ നമ്പർ കത്ത്.
4. Kerala State Pollution Control Board,Chairman ൻറെ 17.03.2020 ലെ PCB/HO/BUILDING CONSTRUCTION/2016 നമ്പർ കത്ത്.
5. തിരുവനന്തപുരം നഗരസഭസെക്രട്ടറിയുടെ 04.02.2021 തീയതിയിലെ UE2/3461/19 നമ്പർ കത്ത്.

സൂചന (1) കത്ത് മുഖേന ആവശ്യപ്പെട്ട പ്രകാരമുള്ള റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

Kerala Pollution Control Board -ന്റെ അപേക്ഷ തിരുവനന്തപുരം നഗരസഭയിൽ നിന്ന് സൂചന (2) കത്ത് മുഖേന 18.01.2020 -ന ഈ ഓഫീസിൽ ലഭിച്ചു. നഗരസഭ മുഖേന ഈ ഓഫീസിൽ സമർപ്പിച്ച Kerala Pollution Control Board-ന്റെ അപേക്ഷയിൽ, പ്രസ്തുത അപേക്ഷ നഗരസഭയിൽ ലഭിച്ച തീയതി (Covering letter-ൽ) രേഖപ്പെടുത്തിയിരുന്നില്ല. അതിനാൽ പരിശോധിക്കേണ്ട കെട്ടിട നിർമ്മാണ ചട്ടം സംബന്ധിച്ച് അവ്യക്തത ഉള്ളതിനാൽ ഉള്ളൂർ സോണൽ ഓഫീസുമായി ഫോണിൽ ബന്ധപ്പെടുകയും, അപേക്ഷ ലഭിച്ച തീയതി സോണൽ ഓഫീസിലെ ഉദ്യോഗസ്ഥൻ ഇമെയിൽ ആയി അറിയിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തി ൽ KMBR 1999 പ്രകാരമാണ് അപേക്ഷ പരിഗണിച്ചിട്ടുള്ളത്.

അപേക്ഷ പരിശോധിച്ചതിൽ നിന്നും ന്യൂനതകൾ ഉള്ളതിനാലും, ചട്ടപ്രകാരം ആവശ്യമായ പ്രവേശനമാർഗ്ഗം ലഭ്യമല്ലാത്തതിനാലും, മേൽ വിവരങ്ങൾ അറിയിച്ചു കൊണ്ട് സൂചന (3) കത്ത് നഗരസഭാ സെക്രട്ടറിക്ക് നൽകിയിരുന്നു. പ്രസ്തുത കത്തിന്

മറുപടിയായി പുതുക്കിയ പ്ലാനുകളും, പ്രവേശനമാർഗ്ഗം ലഭ്യമല്ലാത്തതിനാൽ സർക്കാരിൽ നിന്ന് Rule exemption –നു അപേക്ഷിച്ചുകൊണ്ട് സൂചന (4) മുഖേന നേരിട്ട് ഈ ഓഫീസിൽ അപേക്ഷ സമ ർപ്പിക്കുകയും ചെയ്തു. സർക്കാരിൽ നിന്നുള്ള 20.11.2019 –ലെ 201/ആർ.ഡി1/2019 /തസ്വഭവ നമ്പർ സർക്കുലർ പരിഗണിച്ചാണ് അപേക്ഷ KMBR 1999 അടിസ്ഥാനപ്പെടുത്തി പരിശോധിച്ചിട്ടുള്ളത്. നിലവിൽ ഇത് സംബന്ധിച്ച് വ്യക്തത ആവശ്യപ്പെട്ടതിനാൽ, നഗരസഭയിൽ നിന്ന്, പ്രസ്തുത അപേക്ഷ സ്വീകരിച്ച തീയതി സംബന്ധിച്ച് സൂചന (5) കത്ത് ലഭ്യമാക്കിയിട്ടുണ്ട്. മേൽ സൂചന 2 മുതൽ 5 വരെയുള്ള കത്തുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ

JAYASREE.V.K
TOWN PLANNER

ഉള്ളടക്കം : മേൽ പ്രസ്താവിതം